**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3205** **11-03-2025 - ൽ മറുപടിയ്ക്ക്**

**എയ്‌ഡഡ് സ്‌കൂൾ അധ്യാപികയുടെ ആത്മഹത്യ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കട്ടിപ്പാറയിൽ എയ്‌ഡഡ് സ്‌കൂൾ അധ്യാപിക ശമ്പളം കിട്ടാത്തതിന്റെ മനോവിഷമത്തിൽ ജീവനൊടുക്കിയത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | കോഴിക്കോട് ജില്ലയിലെ താമരശ്ശേരി ഉപജില്ലയിൽപ്പെട്ട കോടഞ്ചേരി സെന്റ് ജോസഫ് എൽ പി സ്കൂളിലെ എൽ.പി.എസ്.ടി ആയിരുന്ന അലീന ബെന്നി ജീവനൊടുക്കിയ സംഭവം അതീവ ഗൗരവത്തോടെ കാണുന്നു. |
| (ബി) | പ്രസ്തുത വിഷയത്തിൽ വിദ്യാഭ്യാസ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അന്വേഷണത്തിന്റെ വിശദശാംശങ്ങൾ നൽകാമോ; | (ബി) | ടി വിഷയത്തിൽ വിദ്യാഭ്യാസ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ട്.<br><br>താമരശ്ശേരി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിൽ അലീന ബെന്നിയ്ക്ക് മൂന്നു നിയമനങ്ങളാണ് നൽകിയിട്ടുള്ളത്.<br><br><u>നിയമനം (1)</u> - അലീന ബെന്നിയെ ആദ്യം താമരശ്ശേരി ഉപജില്ലയിൽപ്പെട്ട നസ്രത്ത് എൽ.പി സ്കൂൾ മുത്തോറ്റിക്കല്ലിൽ ടി സ്കൂളിലെ എൽ.പി.എസ്.ടി ആയിരുന്ന ശ്രീമതി. ഷിനി എസ്. ബി. 31/12/2019 വരെ ശൂന്യവേതന അവധി എടുത്ത ഒഴിവിൽ 17/06/2019 മുതൽ ദിവസവേതനാടി സ്ഥാനത്തിൽ എൽ.പി.എസ്.ടി തസ്തിക യിൽ മാനേജർ നിയമിക്കുകയും, കെ.ടെറ്റ് യോഗ്യത നേടിയിട്ടില്ലാത്ത തിനാലും ദീർഘകാല അവധി ഒഴിവുകളിൽ സംരക്ഷിത അധ്യാപകരെയാണ് നിയമിക്കേണ്ടത് എന്ന വ്യവസ്ഥ മാനേജർ പാലിച്ചിട്ടില്ലാത്തതിനാലും മറ്റു അപാകതകൾ നിലനിൽക്കുന്നതിനാലും ഉത്തരവ് നം. കെ.ഡിഡി/ബി/9407/2019 തീയതി 29/10/2019 പ്രകാരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ച് ഉത്തരവായി. 18/12/2020-ന് താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയ അപ്പീൽ അപേക്ഷ ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ നിരസിച്ച കാരണം നിലനിൽക്കുന്നതായി കാണിച്ച് ഉത്തരവ് നം. ബി2/193719/2020 തീയതി 06/05/2021 പ്രകാരം നിരസിച്ചു. ഇതിനെതിരെ പൊതുവിദ്യാഭ്യാസ |

ഡയറക്ടർക്ക് നാളിതു വരെ റിവിഷൻ അപ്പീൽ സമർപ്പിച്ചിട്ടില്ല.

<u>നിയമനം (2)</u> - ശ്രീമതി. ഷിനി എസ്.ബി യെ 09/01/2015 ന് സർവ്വീസിൽ നിന്നും നീക്കം ചെയ്ത ഒഴിവിലേയ്ക്ക് അലീന ബെന്നിയെ 22/07/2021 മുതൽ എൽ.പി.എസ്.ടി ആയി വീണ്ടും നിയമിച്ച് അംഗീകാരത്തിനായി താമരശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചു. ടി നിയമനം ശ്രീമതി. ഷിനി എസ്.ബി യെ സർവ്വീസിൽ നിന്നും നിയമാനുസൃതം നീക്കം ചെയ്തത് വകുപ്പിന്റെ അംഗീകാരം നേടാത്തതിനാൽ ഒഴിവ് വ്യവസ്ഥാപിത മല്ല എന്നതിനാലും പ്രൊപ്പോസലിലെ മറ്റ് ചില അപാകതകൾ മൂലവും ഉത്തരവ് നം. കെ.ഡിസ്/ ബി/17080/2021 തീയതി 21/09/2021 പ്രകാരം താമരശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. ടി ഉത്തരവിനെതിരെ മാനേജർ 09/11/2021 ന് ജില്ലാവിദ്യാഭ്യാസ ഓഫീസർക്ക് അപ്പീൽ സമർപ്പിക്കുകയും ആയത് നിയമിതയെ ഉൾക്കൊള്ളുവാൻ ഒഴിവില്ലാത്തതിനാലും ഭിന്നശേഷി സംവരണം സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കാത്തതിനാലും താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 19/06/2022 ലെ ബി2/196601/2021 ഉത്തരവ് പ്രകാരം നിരസിച്ചു.

ഉപജില്ല/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ നിരസിച്ചതിനെതിരെ മാനേജർ സമന്വയ മുഖേന പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് 01/07/2022 ന് അപ്പീൽ സമർപ്പിക്കുകയും ആയത് ജി3/237481/2022 തീയതി 04/09/2023 പ്രകാരം ശ്രീമതി. ഷിനി എസ്.ബി.യെ നീക്കം ചെയ്ത നടപടിയ്ക്ക് അംഗീകാരം ലഭിച്ച് ഒഴിവ് വ്യവസ്ഥാപിത മാകുന്ന മുറയ്ക്ക് ഭിന്നശേഷി സംവരണം സംബന്ധിച്ച സ.ഉ. (കൈ) നം. 29/23/ പൊ.വി.വ തീയതി 24/03/2023 പ്രകാരം പുനഃപരിശോധിക്കുവാൻ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി കൊണ്ട് തീർപ്പാക്കി ഉത്തരവായി. കൂടാതെ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും പുറത്ത് ഇറക്കിയ നടപടി ഉത്തരവിൽ പിശക് നില നിന്നിരുന്നതിനാൽ പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ 21/02/2024 ലെ ജി3/237481/2022 പ്രകാരം തിരുത്തൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

ശ്രീമതി. ഷിനി എസ്.ബി.യെ നസ്രത്ത് എൽ.പി സ്കൂളിലെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത ഒഴിവ് വ്യവസ്ഥാപിത മാകാത്തതിനാൽ മാനേജർ അലീന ബെന്നിയിൽ നിന്നും 16/10/2024 ന് ടി സ്കൂളിലെ

| | | | |
|---|---|---|---|
| | | | നിയമനം സ്വമേധയാ ഉപേക്ഷിക്കുന്നുവെന്നും ഈ നിയമനം സംബന്ധിച്ച് ഭാവിയിൽ യാതൊരു വിധ അവകാശവാദങ്ങളും ഉന്നയിക്കില്ലാ യെന്നും എഴുതി സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ ഒപ്പിട്ട് വാങ്ങിയിട്ടുള്ളതും മാനേജരുടെ 17/10/2024 ലെ നം. 105/2021 കത്ത് പ്രകാരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് ടിയാളുടെ നിയമന ഫയൽ പിൻവലിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമാണ്.<br><br>നിയമനം (3) - അലീന ബെന്നിയെ ഇതേ മാനേജ്മെന്റിന് കീഴിലുള്ള കോടഞ്ചേരി സെന്റ് ജോസഫ് എൽ.പി.സ്കൂളിൽ എൽ.പി.എസ്.ടി ആയി 05/06/2024 മുതൽ നിയമിക്കുകയും അംഗീകാരത്തി നായി മാനേജർ 18/06/2024-ന് സമർപ്പിച്ച അപേക്ഷ യിന്മേൽ ബന്ധപ്പെട്ട സെക്ഷൻ നടപടി സ്വീകരിക്കുകയും 2024-25 വർഷത്തെ തസ്തിക നിർണ്ണയം കഴിയുന്നതു വരെ ടിയാളുടെ നിയമനത്തിന് ആവശ്യ മായ ഒഴിവ് ലഭ്യമാണോയെന്ന് പരിശോധിക്കുകയും ചെയ്തു. തസ്തിക നിർണ്ണയത്തിനു ശേഷം ടി ഫയൽ പുന: പരിശോധിച്ചതിൽ നിന്നും മാനേജർ സമർപ്പിച്ച പ്രൊപ്പോസലിൽ രേഖകളുടെ അഭാവം കാരണം ആയത് സമർപ്പിക്കുവാൻ 05/11/2024 ന് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും മാനേജർ രേഖകൾ സമർപ്പിച്ചിരുന്നില്ല. മേൽ സാഹചര്യ ത്തിൽ ഉപജില്ലാവിദ്യാഭ്യാസ ഓഫീസറുടെ 03/01/2025 ലെ ബി/739824/2024 കത്ത് പ്രകാരം നിയമന ഫയൽ മടക്കി നൽകുകയും തുടർന്ന് മാനേജർ ബന്ധപ്പെട്ട രേഖകൾ സഹിതം 14/01/2025 ന് നിയമന പ്രൊപ്പോസൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് പുന: സമർപ്പിക്കുകയും ആയതിൻമേൽ ക്രമ പ്രകാരമുള്ള നടപടി ടി ഓഫീസിൽ നിന്നും സ്വീകരിച്ചു വരുകയുമായിരുന്നു. |
| (സി) | സംസ്ഥാനത്ത് സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്ത് സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ഉള്ള തടർ നടപടികൾ വകുപ്പിന്റെ ഭാഗത്ത് നിന്നും സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ